# കൊയ്നോനിയ

ജനുവരി 2018

ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ

Private circulation only I Book No. 6


## ‘ലിറ്റിൽ ബോയി’ ചാരിറ്റി പ്രവർത്തനങ്ങൾക്ക് പുതിയ രൂപം



ഇടവകാംഗങ്ങൾ നടത്തിവന്നിരുന്ന ചാരിറ്റി പ്രവർത്തനങ്ങൾക്ക് പുതിയ രൂപവും ഭാവവും നൽകികൊണ്ട് ഇടവക വികാരി ജോസ് ദിലീപ് അച്ചൻ ലിറ്റിൽ ബോയ് എന്ന പേരിൽ ഒരു സംഘടനയ്ക്കു രൂപം നൽകുകയും ഡിസംബർ 24 നു ഉത്ഘാടനം ചെയ്യുകയും ചെയ്തു . ഉത്ഘാടനവേളയിൽ ലിറ്റിൽ ബോയിയുടെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും അച്ചൻ വിശദമാക്കി .

“ധ്യാനിക്കുംതോറും സുഖം നല്കുന്ന ഒരു കുട്ടിയുടെ മനസ്സുണ്ട്. നമ്മുടെ മുന്നിൽ, അഞ്ചപ്പവും രണ്ട് മീനും ഈശോയുടെ മുന്നിലേക്ക് എടുത്തു വച്ച കുട്ടി, ഒരു മഹാത്ഭുതത്തിന് നിമിത്തമായി. അവന്റെ മാനസിക കുറവ് എണ്ണമറ്റ മനുഷ്യരെ തൃപ്തിപ്പെടുത്തി. നമ്മുടെ ചില്ലിക്കാശ് അപരന് ജീവിതമാകുന്നുവെങ്കിൽ ഒരു കുഞ്ഞിന്റെ നൈർമല്യത്തോളം നാം വളരുകയാണ്. അത് ക്രിസ്തുവിന്റെ കാരുണ്യമായി താദാത്മ്യപ്പെടുത്തുകയാണ്. ദൈവത്തിന്റെ കർമ്മത്തിൽ പങ്കാളികളാകാൻ അദ്ധ്വാനത്തിന്റെ ഓഹരി ലിറ്റിൽ ബോയിയുടെ പാത്രത്തിൽ ഇടാം. ദൈവം മറക്കാത്തവരെ നമുക്ക് മറക്കാതിരിക്കാം.” എന്ന ചിന്തകൾ അച്ചൻ ഇടവക ജനങ്ങളുമായി പങ്കുവച്ചു . ആംബുലൻസ്, പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹം, വിദ്യാഭ്യാസം, രോഗികൾക്ക് സൗജന്യ ശുശ്രൂഷ, വിശക്കുന്നവർക്ക് ഭക്ഷണം എന്നീ സേവന പ്രവർത്തനങ്ങൾക്ക് ലിറ്റിൽ ബോയി മുൻതൂക്കം നൽകുമെന്ന് അച്ചൻ പറഞ്ഞു. തുടർന്ന് ലിറ്റിൽ ബോയിയുടെ ലോഗോ ഇടവക വികാരി പ്രകാശനം ചെയ്തു.

LITTLE BOY
CHARITABLE SERVICES
POWERED BY ST. SEBASTIAN'S CHURCH, CHERUVETTUKAD



## എഡിറ്റോറിയൽ

സ്നേഹിതരെ ,

ജീവിതത്തേക്കാൾ വലുതായി വിശ്വാസത്തെ കണ്ട ധീര രക്തസാക്ഷികളിൽ ഒരാളാണ് വിശുദ്ധ സെബസ്ത്യാനോസ് . സത്യവിശ്വാസം സംരക്ഷിക്കാൻ വേണ്ടി ഉന്നതമായ സ്ഥാനമാനങ്ങളും സകലവിധ ലോകസുഖങ്ങളും സ്വന്തം ജീവൻ തന്നെയും സന്തോഷപൂർവം ത്യജിക്കുവാനും , അവർണ്ണനീയമായ പീഢകൾ സഹിക്കുവാനും , അവസാനം രക്തസാക്ഷിയായി മരിക്കുവാനും സന്നദ്ധത പ്രകടിപ്പിച്ച മഹാവിശുദ്ധനായ വിശുദ്ധ സെബസ്ത്യാനോസ് ഞങ്ങളുടെ മധ്യസ്ഥനും ആശ്രയവുമാണ്. വിശുദ്ധന്റെ മാധ്യസ്ഥം തേടി നടത്തുന്ന തിരുനാൾ തിരുക്കർമ്മങ്ങളിൽ വിശ്വാസത്തോടെ നമുക്ക് പങ്കെടുക്കാം. നമ്മെയും നമ്മുടെ പ്രിയപ്പെട്ടവരെയും നമ്മുടെ നാടിനെയും സകലവിധ പകർച്ച വ്യാധികളിൽ നിന്നും ക്ഷുദ്രജീവികളിൽ നിന്നും കാത്തുസംരക്ഷിക്കേണമേ എന്ന് പ്രാർത്ഥിക്കാം .

ജനുവരി 23 മുതൽ 28 വരെ നടത്തുന്ന വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ തിരുക്കർമ്മങ്ങളിലും 23-ാം തിയതി നടത്തപ്പെടുന്ന അത്ഭുത പ്രവർത്തകനായ വിശുദ്ധ അന്തോനീസിന്റെ **തിരുശേഷിപ്പ് പ്രതിഷ്ഠാ** കർമ്മത്തിലും **ഉണ്ണീശോയുടെ തിരുസ്വരൂപ പ്രതിഷ്ഠാ** കർമ്മത്തിലും വിശ്വാസത്തോടെ പങ്കുകൊണ്ടു അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു .

**ഫാ. ജോസ് ദിലീപ് കപ്പൂച്ചിൻ**
ഇടവക വികാരി

# ബൈബിൾ ദിനം ആചരിച്ചു



ഡിസംബർ 31 നു ഇടവകയിലെ മതബോധന സമിതി ബൈബിൾ ദിനം ആചരിച്ചു. ദിവ്യബലിക്കുമുന്പായി മതബോധന കുട്ടികൾ വചന ഇലകൾ കൈയിലേന്തി പ്രദക്ഷിണമായി ദേവാലയത്തിൽ പ്രവേശിക്കുകയും ദേവാലയത്തിൽ സ്ഥാപിച്ചിരുന്ന മരത്തിൽ വചന ഇലകൾ കൊണ്ട് വചന മരം ഉണ്ടാക്കുകയും തുടർന്ന് ദിവ്യബലി അർപ്പിക്കുകയും ചെയ്തു .

# പരിശുദ്ധ മാതാവിന്റെ തിരുസ്വരൂപം ഭവനങ്ങളിലൂടെ തീർത്ഥാടനം തുടരുന്നു

ഇടവകയിലെ എല്ലാ കുടുംബങ്ങളിലും പരിശുദ്ധ അമ്മയുടെ അനുഗ്രഹം നിറയാനായി ഒരു കുടുംബത്തിൽ 3 ദിവസം എന്ന ക്രമത്തിൽ പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം വണക്കത്തിനായി നവംബർ 1 മുതൽ ഒരു വർഷത്തേയ്ക്ക് ഇടവകയിലെ ഭവനങ്ങളിലേയ്ക്ക് തീർത്ഥാടനം നടത്തുന്നു ഒരു ഭവനത്തിൽ നിന്ന് അടുത്ത ഭവനത്തിലേയ്ക്ക് മാറ്റുമ്പോൾ ഇടവക വികാരിയോടൊപ്പം യൂണിറ്റ് അംഗങ്ങളും പങ്കെടുത്തുവരുന്നു..

# ക്രിസ്തുമസിന് ദേവാലയത്തിൽ നടന്ന പ്രദക്ഷിണം



ക്രിസ്തുമസിന് ദിവ്യബലിക്ക് ശേഷം ഉണ്ണിയേശുവിന്റെ തിരുസ്വരൂപവുമായി ദേവാലയം ചുറ്റി പ്രദക്ഷിണം നടത്തുകയും മേടയുടെ മുന്നിൽ ഒരുക്കിയ പുൽക്കൂട്ടിൽ തിരുസ്വരൂപം പ്രതിഷ്ഠിച്ച് വണങ്ങുകയും ചെയ്തു.

# ദേവാലയത്തിനുള്ളിൽ ഒരുക്കിയ വചന മരം



# ഓഖി ദുരന്തബാധിതർക്ക് വേണ്ടി പ്രാർത്ഥനയോടെ ഇടവകാംഗങ്ങൾ



ഓഖി ദുരന്തബാധിതർക്ക് വേണ്ടി ശംഖുമുഖത്ത് നടന്ന പ്രാർത്ഥനയിലും കണ്ണാന്തുറ ദേവാലയത്തിൽ നിന്നാരംഭിച്ച പ്രദക്ഷിണത്തിലും സെന്റ് ജോസഫ് സ്കൂളിൽ നടന്ന ദിവ്യബലിയിലും ഇടവക വികാരിയോടൊപ്പം ഇടവകാംഗങ്ങൾ സജീവമായി പങ്കെടുക്കുകയുണ്ടായി

# ഉണ്ണീശോയ്ക്കൊരു സമ്മാനം

ഡിസംബർ ഒന്നുമുതൽ ഇടവകയിലെ ഭവനങ്ങളിൽ കുടുക്കകളിൽ സ്വരൂപിച്ച തുക ചാരിറ്റി പ്രവർത്തനങ്ങൾക്കായി ക്രിസ്തുമസ് രാത്രിയുള്ള ദിവ്യബലിക്ക് കാഴചയായി ഇടവകാംഗങ്ങൾ സമർപ്പിച്ചു. ഇടവകാംഗങ്ങൾ കാണിക്കുന്ന ഈ നല്ല മനസിനു ഇടവക വികാരി ജോസ് ദിലീപ് അച്ചൻ നന്ദി പറഞ്ഞു .

# ലക്കി കൂപ്പൺ നറുക്കെടുപ്പ് നടത്തി

ഇടവകയുടെ വളർച്ചയ്ക്കും മംഗല്യ സഹായ നിധിയിലേയ്ക്കുമുള്ള ഫണ്ട് സ്വരൂപിക്കാനായി പുറത്തിറക്കിയ ലക്കി കൂപ്പണിന്റെ നറുക്കെടുപ്പ് ഇരുപത്തിനാലാം തിയതി രാത്രിയുള്ള ക്രിസ്തുമസ് ദിവ്യബലിക്ക് ശേഷം നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. അൾത്താര ബാലകർ അവതരിപ്പിച്ച ലക്കി കൂപ്പണിന്റെ നറുക്കെടുപ്പ് 31 ന് രാത്രിയുള്ള പുതുവർഷ ദിവ്യബലിയ്ക്ക് ശേഷം നടത്തുകയും ചെയ്തു.

# ഇടവക വികാരി യൂണിറ്റ് സന്ദർശനം നടത്തി



ഇടവകയിലെ അഞ്ചു ബി സി സി യൂണിറ്റുകളിലും ഇടവക വികാരിയും കോ-ഓർഡിനേറ്ററും സന്ദർശനം നടത്തുകയും വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷങ്ങളിലും ജനുവരി 23ന് നടക്കുന്ന വിശുദ്ധ അന്തോനീസിന്റെ തിരുശേഷിപ്പ് പ്രതിഷ്ഠാ കർമ്മത്തിലും

# ചർച്ച് ഹാൾ ആശീർവദിച്ചു



ഇടവകയിലെ മേടയുടെ മുകൾവശം നിർമ്മിച്ച ഹാളിന്റെ ആശീർവാദം ഡിസംബർ ഇരുപത്തിനാലിനു ഇടവക വികാരി ജോസ് ദിലീപ് അച്ചൻ നിർവഹിച്ചു .തുടർന്ന് ഹാളിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി സഹകരിച്ച എല്ലാപേർക്കും അച്ചൻ നന്ദി പറഞ്ഞു .





ജെനിഫർ ആന്റെണി 02/08/2010




ജോമോൻ 9/1/1988, ഗീതു 10/1/1993

അനന്തപുരിയുടെ പാദുവ
ചെറുവെട്ടുകാട്
വിശുദ്ധ സെബസ്ത്യാനോസ് ദേവാലയം



2018 ജനുവരി 23 മുതൽ 28 വരെ

**വിശുദ്ധ അന്തോനീസിന്റെ തിരുശേഷിപ്പ് പ്രതിഷ്ഠയും**
**ഉണ്ണീശോയുടെ തിരുസ്വരൂപ പ്രതിഷ്ഠയും**

# KARATE CLASS & HEALTH CLUB







**SHIHAN.Y. PREMAKUMAR**
**Technical Director & Examiner in India**
SHITO RYU - 6 th DAN BLACK BELT
ISKF - 4 th DAN BLACK BELT, JAPAN
6th DAN BLACK BELT, KAI

9847889479, 9847439135

3-ാം ചരമ വാർഷികം

22/01/2018



തോമസ്. ജെ

Printed by: Parish Priest, St. Sebastian's Church, Cheruvettukad, Trivandrum-7 , Latin Archdiocese Of Trivandrum